ജില്ലാ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിന് ആവേശത്തോടെ തുടക്കം

● നീരജ മനോജ് - 80 മീറ്റർ ഹർഡിൽസ് അണ്ടർ 16: സെന്റ് മേരീസ് എച്ച്.എസ്.എസ്. കാഞ്ഞിരപ്പള്ളി.

കോട്ടയം: ജില്ലാ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിന് കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കോളജിൽ ആവേശത്തുടക്കം. ജൂനിയർ വിഭാഗത്തിൽ അൽഫോൻസാ അത്‌ലറ്റിക് അക്കാദമിയും, സീനിയർ വിഭാഗത്തിൽ അസംപ്ഷൻ കോളജ് ചങ്ങനാശേരിയും മുന്നേറുന്നു. ജൂനിയർ വിഭാഗത്തിൽ അൽഫോൻസാ അത്‌ലറ്റിക് അക്കാദമി മുന്നിൽ.

ജൂനിയർ വിഭാഗത്തിൽ 156 പോയിന്റുമായാണ് പാലാ അൽഫോൻസാ അത്‌ലറ്റിക് അക്കാദമി മുന്നേറുന്നത്.

ചങ്ങനാശേരി അസംപ്ഷൻ രണ്ടാമതും ഭരണങ്ങാനം എസ്.എച്ച്.ജി.എസ് മൂന്നാമതുമുണ്ട്. സീനിയർ വിഭാഗത്തിൽ ചങ്ങനാശേരി അസംപ്ഷൻ കോളജ് 101 പോയിന്റോടെ കുതിക്കുമ്പോൾ 71 പോയിന്റുമായി ചങ്ങനാശേരി എസ്.ബി. കോളജ് രണ്ടാമതും 58 പോയിന്റുമായി കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കോളജ് മൂന്നാമതുമുണ്ട്.

മത്സരങ്ങൾ പ്രഫ. റോണി കെ.ബേബി എം.എൽ.എ. ഉദ്ഘാടനം ചെയ്തു. യോഗത്തിൽ ജില്ലാ അത്‌ലറ്റിക് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് ഫാ. മാത്യു കരീത്തറ സി.എം.ഐ. അധ്യക്ഷത വഹിച്ചു.

സെന്റ് ഡൊമിനിക്സ് കോളജ് മാനേജർ ഫാ. കുര്യൻ താമരശേരി, കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തംഗം ജോണിക്കുട്ടി മഠത്തിനകം, പാറത്തോട് പഞ്ചായത്തംഗം വി.എം. ഷാജഹാൻ, ഡോ. പ്രവീൺ തര്യൻ എന്നിവർ പ്രസംഗിച്ചു.

മികച്ച അധ്യാപകർക്കുള്ള പുരസ്കാരം നേടിയ ഡോ. ജിമ്മി ജോസഫ്, വി.പി. സജിമോൻ, ഡോ. പ്രവീൺ തര്യൻ, കെ.പി. സതീഷ് കുമാർ, ജൂലിയസ് ജെ. മനയാനിൽ എന്നിവരെ ആദരിച്ചു. സീനിയർ, ജൂനിയർ വിഭാഗങ്ങളിലായാണ് മത്സരങ്ങൾ നടന്നത്.

● സി.ബി. ആൽബിൻ ഡിസ്കസ് ത്രോ അണ്ടർ 18: സി.കെ.എം.എച്ച്. എസ്. കോരുത്തോട്

● അഞ്ജലി മോഹനൻ ഡിസ്കസ് ത്രോ അണ്ടർ 18: സി.കെ.എം. എച്ച്.എസ് കോരുത്തോട്

● അഭിരാം കെ. ബിനു 100 മീറ്റർ അണ്ടർ 20: സി.എം.എസ്. കോളജ്, കോട്ടയം.

● ഡിനാൽ വിധാനി ഷോട്ട്പുട്ട് അണ്ടർ 18: അസംപ്ഷൻ, ചങ്ങനാശേരി.

● സി.പി. അശ്മിക ഹൈജംപ് അണ്ടർ 18: സെന്റ് ഡൊമിനിക്സ് കോളജ്, കാഞ്ഞിരപ്പള്ളി.

● അലൻ സൈറസ്- 100 മീറ്റർ അണ്ടർ 18: അൽഫോൻസാ കോളജ്, പാലാ.

● അലീന ജോസഫ് - അണ്ടർ 20 ഗേൾസ് ഡിസ്കസ് ത്രോ: അൽഫോൻസാ കോളജ്, പാലാ.

● അൽഫോൻസ് ഉല്ലാസ്- അണ്ടർ 20 5000 മീറ്റർ: എസ്.ബി. കോളജ്, ചങ്ങനാശേരി.

● വിഷ്ണു ഷൈജു, ലോങ് ജംപ് അണ്ടർ 20: എസ്.ബി. കോളജ്, ചങ്ങനാശേരി.

ഗതാഗത നിരോധനം

കോട്ടയം: ഇളങ്ങുളം - തമ്പലക്കാട് റോഡിൽ എലിക്കുളം പഞ്ചായത്ത് ജങ്ഷൻ മുതൽ മഞ്ചക്കുഴി കവല വഴി തമ്പലക്കാട് വരെയുള്ള റോഡിൽ ടാറിങ് ജോലികൾ നടത്തുന്നതിനാൽ ഇന്നുമുതൽ നാലു ദിവസത്തേക്ക് ഈ വഴിയിൽ ഗതാഗതം പൂർണമായി നിരോധിച്ചതായി പൊതുമരാമത്ത് വകുപ്പ് കാഞ്ഞിരപ്പള്ളി അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചു.

ലഹരിവിരുദ്ധ ബോധവത്കരണം

രാമപുരം: മാർ ആഗസ്തിനോസ് കോളജ് ആന്റി നാർക്കോട്ടിക് ക്ലബും പാലാ എക്സൈസ് സർക്കിൾ ഓഫീസും ചേർന്ന് ലഹരിവിരുദ്ധ ബോധവത്കരണ ക്ലാസ് നടത്തി. പാലാ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ ജെക്സി ജോസഫ് ക്ലാസ് നയിച്ചു. കോളജ് മാനേജർ ഫാ. ബർക്കുമാൻസ് കുന്നുംപുറം ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. റെജി വർഗീസ് മേക്കാടൻ അധ്യക്ഷത വഹിച്ചു. വൈസ് പ്രിൻസിപ്പൽമാരായ ഫാ. ജോസഫ് ആലഞ്ചേരിൽ, സിജി ജേക്കബ്, കോ ഓർഡിനേറ്റർമാരായ വിനീത്കുമാർ വി, അൽഫോൻസാ ജോസ്, രതി സി.ആർ, കോളജ് യൂണിയൻ ചെയർമാൻ അൽഫോൺസ് ബിനോയ് തുടങ്ങിയവർ പ്രസംഗിച്ചു.

ഉദ്ഘാടനം ഇന്ന്

കാഞ്ഞിരപ്പള്ളി: അഗ്നിരക്ഷാസേനയുടെയും കേരള സിവിൽ ഡിഫൻസിന്റെയും ആഭിമുഖ്യത്തിൽ പരിശീലനം പൂർത്തിയാക്കിയ സിവിൽ ഡിഫൻസ് വോളന്റിയർമാർക്ക് യൂണിഫോമും എമർജൻസി കിറ്റും വിതരണം ചെയ്യുന്നതിന്റെ ഉദ്ഘാടനം ഇന്ന് വൈകിട്ട് മൂന്നിന് കാഞ്ഞിരപ്പള്ളി ഫയർ സ്റ്റേഷനിൽ നടക്കും. റോണി കെ. ബേബി എം.എൽ.എ ഉദ്ഘാടനം നിർവഹിക്കും. കോട്ടയം ഡി.എഫ്.ഒ. റെനി ലൂക്കോസ് അധ്യക്ഷത വഹിക്കും. കേരള ഫയർ ആൻഡ് റെസ്ക്യൂ സർവീസസ്, കേരള സിവിൽ ഡിഫൻസ്, കാഞ്ഞിരപ്പള്ളി ഫയർ സ്റ്റേഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണു പരിപാടി.

ചരിത്ര പൈതൃകത്തിന് പുതുശോഭ; അരുവിത്തുറ പള്ളി വെഞ്ചരിപ്പ് ഇന്ന്

അരുവിത്തുറ: വിശ്വാസത്തിന്റെയും ചരിത്രത്തിന്റെയും പൈതൃകം ഏഴു നൂറ്റാണ്ടുകൾ പിന്നിട്ട് തലയുയർത്തിനിൽക്കുന്ന അരുവിത്തുറ സെന്റ് ജോർജ് ഫൊറോന തീർഥാടന ദൈവാലയത്തിന്റെ നവീകരിച്ച ദേവാലയത്തിന്റെ വെഞ്ചരിപ്പ് ഇന്ന് നടക്കും. വൈകിട്ട് 4.30ന് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് വെഞ്ചരിപ്പ് നിർവഹിച്ച് സന്ദേശം നൽകും.

വൈകിട്ട് ഏഴിന് പരിശുദ്ധ കുർബാനയും നടക്കും. രൂപതാ മുഖ്യവികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ മുഖ്യകാർമികത്വം വഹിക്കും.

വിശ്വാസപാരമ്പര്യത്തിന്റെ ഏടുകൾക്ക് പുതുശോഭ

തോമാശ്ലീഹാ പ്രേക്ഷിത യാത്രയ്ക്കിടെ എ.ഡി. 62-ൽ അരുവിത്തുറയിലെത്തി കുരിശ് സ്ഥാപിച്ചതായാണ് വിശ്വാസപാരമ്പര്യം. എ.ഡി. 151-ൽ ഇവിടെ ആദ്യ ദൈവാലയം നിർമിച്ചതായും പിന്നീട് എട്ടാം നൂറ്റാണ്ടിലും പതിനാറാം നൂറ്റാണ്ടിലും പുനർനിർമിച്ചതായും ചരിത്രരേഖകൾ വ്യക്തമാക്കുന്നു. പതിനാലാം നൂറ്റാണ്ടിൽ നിലയ്ക്കലിൽനിന്ന് പലായനം ചെയ്ത വിശ്വാസികൾ അരുവിത്തുറയിലെത്തിയതും ഇവിടെ അഭയം നേടിയതും ദൈവാലയത്തിന്റെ ചരിത്രത്തിലെ പ്രധാന അധ്യായമാണ്.

നിലയ്ക്കൽ പള്ളിയിൽ വണങ്ങിയിരുന്ന വിശുദ്ധ ഗീവർഗീസ് സഹദായുടെ തിരുസ്വരൂപവും വിശ്വാസികൾ അരുവിത്തുറയിലെത്തിച്ചുവെന്നാണ് ചരിത്രം. ഏഴ് നൂറ്റാണ്ടിലേറെ പഴക്കമുള്ള ഒറ്റത്തടിയിൽ തീർത്ത തിരുസ്വരൂപം ഇന്നും രൂപമാറ്റമില്ലാതെ സംരക്ഷിച്ചുവരുന്നു. വിവിധ മതവിഭാഗങ്ങളിൽപ്പെട്ട വിശ്വാസികൾ വിശുദ്ധ ഗീവർഗീസിന്റെ മാധ്യസ്ഥം തേടി ഇവിടെയെത്തുന്നു.

പൈതൃകം കാത്ത് നവീകരണം

1951-ൽ കൂദാശ ചെയ്ത ഇന്നത്തെ ദൈവാലയത്തിന്റെ സമഗ്ര നവീകരണമാണ് പൂർത്തിയായത്. പള്ളിയുടെ ചരിത്രവും പൈതൃകവും പാരമ്പര്യവും നിലനിർത്തിക്കൊണ്ടാണ് നവീകരണം. സിറിയൻ ഗോത്തിക് ശിൽപമാതൃകയിലുള്ള ദേവാലയഘടന അതേപടി സംരക്ഷിക്കുകയും ആധുനിക സാങ്കേതികവിദ്യകളും കലാസങ്കേതങ്ങളും പ്രയോജനപ്പെടുത്തുകയും ചെയ്തു.

മദ്ബഹയുടെയും ബേമ്മയുടെയും മേൽത്തട്ടിലെ ദൃശ്യാവിഷ്കാരങ്ങളിൽ ക്രിസ്തുരഹസ്യങ്ങളും സഭാപ്രബോധനങ്ങളും പള്ളിയുടെ ചരിത്രപാരമ്പര്യങ്ങളും ആവിഷ്കരിച്ചിട്ടുണ്ട്.

തോമാശ്ലീഹായുടെ അരുവിത്തുറ സന്ദർശനത്തിന്റെ ഓർമകൾ ആനവാതിലിലെചിത്രീകരണത്തിലൂടെയും ദൃശ്യവത്കരിച്ചിരിക്കുന്നു.

ഗതാഗത-പാർക്കിങ് ക്രമീകരണം

വെഞ്ചരിപ്പ് ചടങ്ങിനോടനുബന്ധിച്ച് പ്രത്യേക പാർക്കിങ് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പള്ളിയങ്കണത്തിൽ വാഹനങ്ങൾക്ക് പ്രവേശനം അനുവദിക്കില്ല. വൈദികരുടെ വാഹനങ്ങൾക്ക് പള്ളിമുറിയുടെ അനക്സ് ഭാഗത്ത് പാർക്കിങ് സൗകര്യമുണ്ടാകും. മറ്റു വാഹനങ്ങൾ പൊതു പാർക്കിങ് ഗ്രൗണ്ട്, സ്കൂൾ ഗ്രൗണ്ട്, സ്റ്റേഡിയം എന്നിവിടങ്ങളിൽ പാർക്ക് ചെയ്യണം.

തിരുശേഷിപ്പ് പ്രതിഷ്ഠ തിരുനാളിനു തുടക്കം

ചങ്ങനാശേരി: മുണ്ടത്താനം സെന്റ് ആന്റണീസ് പള്ളിയുടെ ശതാബ്ദിയോടനുബന്ധിച്ചു നടക്കുന്ന തിരുശേഷി പ്രതിഷ്ഠാ തിരുനാളിന് കർദിനാൾ മാർ ജോർജ് ആലഞ്ചേരി കൊടിയേറ്റി. ഫാ. സിറിയക് കോട്ടയിൽ, ഫാ. തോമസ് ഉറുമ്പിത്തടം എന്നിവർ സഹകാർമികരായിരുന്നു.

സ്വാർഥതാല്പര്യങ്ങൾ ഉള്ളവർ എപ്പോഴും നന്മയ്ക്കെതിരായിരിക്കുമെന്ന് മാർ ആലഞ്ചേരി തന്റെ സന്ദേശത്തിൽ പറഞ്ഞു. ശതാബ്ദി വർഷത്തിൽ പള്ളിയിൽ തിരുശേഷിപ്പ് സ്ഥാപിക്കാൻ കഴിഞ്ഞത് വലിയ ദൈവാനുഗ്രഹമാണെന്നും അദ്ദേഹം ഓർമിപ്പിച്ചു. നാളെ വിശുദ്ധ കുർബാനയ്ക്ക് മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത കാർമികനാകും. വിശുദ്ധ അന്തോനീസിന്റെ തിരുശേഷിപ്പ് മെത്രാപ്പോലീത്ത മെത്രാപ്പോലീത്ത ഔദ്യോഗികമായി ദേവാലയത്തിൽ പ്രതിഷ്ഠിക്കും.

കെ.എസ്.എസ്.പി.യു. കുടുംബമേള

ചങ്ങനാശേരി: തൃക്കൊടിത്താനം കേരളാ സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് യൂണിയൻ യൂണിറ്റ് കുടുംബമേള ഇന്ന് രാവിലെ 10ന് പെരിഞ്ചേരിയിൽ ലക്ഷ്മീ നാരായണ ഓഡിറ്റോറിയത്തിൽ നടക്കും. യൂണിറ്റ് പ്രസിഡന്റ് കെ.ജി. സോമന്റെ അധ്യക്ഷതയിൽ കൂടുന്ന യോഗം സംസ്ഥാന സമിതിയംഗം പ്രഫ. എസ്. ആനന്ദക്കുട്ടൻ ഉദ്ഘാടനം ചെയ്യും.

നേത്രപരിശോധനാ ക്യാമ്പ് നാളെ

പൊൻകുന്നം: ചിറക്കടവ് പബ്ലിക് ലൈബ്രറിയും തിരുവല്ല ഐ മൈക്രോസർജറി ലേസർ സെന്റർ കണ്ണാശുപത്രിയും ചേർന്ന് സൗജന്യ നേത്രപരിശോധനയും തിമിരരോഗനിർണയ ക്യാമ്പും നടത്തും. നാളെ 10 മണി മുതൽ ഒന്നുവരെയാണിത്. പഞ്ചായത്ത് പ്രസിഡന്റ് ടി.എൻ.ഗിരീഷ്കുമാർ ഉദ്ഘാടനം ചെയ്യും. ജില്ലാപഞ്ചായത്തംഗം അഡ്വ. അഭിലാഷ് ചന്ദ്രൻ അധ്യക്ഷത വഹിക്കും. ആയുഷ്മാൻ ഭാരത്, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി കാർഡുള്ള ബി.പി.എൽ. വിഭാഗക്കാർക്ക് ശസ്ത്രക്രിയ പൂർണമായും സൗജന്യമാണ്. എ.പി.എൽ.വിഭാഗക്കാർക്ക് മിതമായ നിരക്കിലും ലഭ്യമാക്കും.

സ്കൂൾ ഹോക്കി ചാമ്പ്യൻഷിപ്പ്: 12 താരങ്ങൾക്ക് സെലക്ഷൻ

കോട്ടയം: സംസ്ഥാന സ്കൂൾ ജൂനിയർ ഹോക്കി ചാമ്പ്യൻഷിപ്പിനുള്ള ജില്ലാ ടീമിലേക്കു വനിതാ സ്പോർട്സ് അക്കാദമിയിലെ 12 താരങ്ങൾ സെലക്ഷൻ നേടി. കോട്ടയത്തു നടന്ന സെലക്ഷൻ ട്രയൽസിൽ അക്കാദമിയിൽ നിന്നു പങ്കെടുത്ത 13 പേരിൽ 12 പേരും ടീമിൽ ഇടം നേടി. വൈഗ, വി.എസ് ആദിലക്ഷ്മി, ആവന്തിക സുമേഷ്, നേത്ര അനീഷ്, അനന്യ അജി, വി. ശ്രീവിദ്യ, എം.എസ് ശ്രീനന്ദ, എം.എസ്. സ്നേഹ, വൈഗ ബൈജു, ദേവനന്ദ ശരത്, വി.വി. അമൃത, ആർ. ഋതുനന്ദ എന്നിവരാണ് ജില്ലാ ടീമിൽ ഇടംനേടിയത്. വൈക്കം ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിലെ കുട്ടികളാണിവർ.

കഞ്ഞിക്കുഴി ടർഫ് ഗ്രൗണ്ടിൽ നടന്ന റവന്യു ജില്ലാ സ്കൂൾ ഹോക്കി ചാമ്പ്യൻഷിപ്പിൽ വൈക്കം സബ്ജില്ല കിരീടം നേടിയത് അക്കാദമിയിലെ താരങ്ങളുടെ കരുത്തിലാണ്.

ഈ വർഷം കേരളാ ഫുട്ബോൾ അസോസിയേഷൻ നടത്തിയ സംസ്ഥാന ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത ജില്ലാ ടീമിലും അക്കാദമിയിലെ ആറു താരങ്ങളുണ്ടായിരുന്നു. മുൻ സ്പോർട്സ് അതോറിട്ടി ഓഫ് ഇന്ത്യ വനിതാ ഫുട്ബോൾ പരിശീലകൻ ജോമോൻ ജേക്കബാണ് പരിശീലകൻ.

ഹൃദയാരോഗ്യ ബോധവത്കരണം: വാക്കത്തൺ 29 ന്

മുട്ടുച്ചിറ: ലോക ഹൃദയദിനാചരണത്തിന്റെ ഭാഗമായി മുട്ടുച്ചിറ ഹോളി ഗോസ്റ്റ് മിഷൻ ആശുപത്രിയിലെ കാർഡിയോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഒരാഴ്ച നീളുന്ന ഹൃദയാരോഗ്യ ബോധവത്കരണ പരിപാടികളുടെ ഭാഗമായി 29 ന് വാക്കത്തോൺ സംഘടിപ്പിക്കും. ഉച്ചകഴിഞ്ഞ് 3.30 ന് കടുത്തുരുത്തി ഗവൺമെന്റ് സ്കൂൾ ജങ്ഷനിൽ നിന്ന് ആരംഭിക്കുന്ന വാക്കത്തോൺ മന്ത്രി മോൻസ് ജോസഫ് ഫ്ളാഗ് ഓഫ് ചെയ്യും. വാക്കത്തോൺ ഹോളി ഗോസ്റ്റ് മിഷൻ ആശുപത്രിയിൽ സമാപിക്കും. തുടർന്ന് ആശുപത്രിയിലെ നഴ്സിങ് വിദ്യാർഥികളുടെ നേതൃത്വത്തിൽ ഫ്ളാഷ് മോബ് അവതരിപ്പിക്കും. കാർഡിയോളജി വിഭാഗം സംഘടിപ്പിക്കുന്ന ഒരാഴ്ച നീളുന്ന പരിപാടികളുടെ ഉദ്ഘാടനം ആശുപത്രി ഡയറക്ടർ ഫാ. ഡോ. ഷിൻ പാലക്കത്തടത്തിൽ ആശുപത്രി അങ്കണത്തിൽ നിർവഹിച്ചു. പുതിയ കാത്ത് ലാബ് സൗകര്യങ്ങളോടെ കാർഡിയാക് ചികിത്സ. ഹൃദ്രോഗ ചികിത്സാ രംഗത്ത് ഹോളി ഗോസ്റ്റ് മിഷൻ ആശുപത്രി പുതിയ സേവനങ്ങൾ കൂടി ആരംഭിച്ചതായി അധികൃതർ അറിയിച്ചു. 24 മണിക്കൂറും ഏഴ് ദിവസവും എമർജൻസി കാർഡിയോളജിസ്റ്റ് സേവനവും ആശുപത്രിയിൽ ലഭ്യമാക്കിയിട്ടുണ്ട്.

ഗുരുദേവ നിന്ദയ്ക്കെതിരേ പന്തംകൊളുത്തി പ്രകടനം

പാലാ: ശ്രീനാരായണ ഗുരുദേവനെ നവമാധ്യമങ്ങളിലൂടെ അവഹേളിച്ചുവെന്നാരോപിച്ച് പേരമംഗലം സ്വദേശിയായ യൂട്യൂബർ സുഭാഷിനെതിരെ പ്രതിഷേധമുയർത്തി എസ്.എൻ.ഡി.പി യോഗം മീനച്ചിൽ യൂണിയന്റെ നേതൃത്വത്തിൽ പാലായിൽ പന്തംകൊളുത്തി പ്രകടനം നടത്തി. 49 ശാഖകളിൽ നിന്നെത്തിയ പ്രവർത്തകരും ഗുരുദേവ ഭക്തരും പങ്കെടുത്ത പ്രകടനം യൂണിയൻ ആസ്ഥാനത്തുനിന്ന് ആരംഭിച്ചു. യൂണിയൻ കൺവീനർ എം.ആർ. ഉല്ലാസിന്റെ അധ്യക്ഷതയിൽ യൂണിയൻ ചെയർമാൻ സുരേഷ് ഇട്ടിക്കുന്നേൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. തുടർന്ന് പന്തംകൊളുത്തി പ്രകടനം പാലാ ടൗണിലൂടെ സ്റ്റേഡിയം ജംഗ്ഷനിലേക്ക് നടത്തി.

കുടുംബമേളയും പ്ലാറ്റിനം ജൂബിലിയും

കുമാരനല്ലൂർ: 1462-ാം നമ്പർ ദേവീവിലാസം നടുഭാഗം കരയോഗത്തിന്റെ കുടുംബമേള നാളെ ദേവീവിലാസം എൽ.പി സ്കൂളിൽ നടത്തും. ഒക്ടോബർ 4 ന് കരയോഗത്തിന്റെ പ്ലാറ്റിനം ജൂബിലിയും 2336-ാം നമ്പർ ദേവീവിലാസം വനിതാ സമാജത്തിന്റെ രജതജൂബിലിയും നടക്കും. കരയോഗം പ്രസിഡന്റ് കെ.ആർ. രാധാകൃഷ്ണൻ നായർ അധ്യക്ഷത വഹിക്കും. കോട്ടയം എൻ.എസ്.എസ് താലൂക്ക് യൂണിയൻ പ്രസിഡന്റ് ബി. ഗോപകുമാർ ഉദ്ഘാടനം നിർവഹിക്കും.

തദ്ദേശ ഉപതെരഞ്ഞെടുപ്പ്: അവധി പ്രഖ്യാപിച്ചു

കോട്ടയം: 28 ന് ഉപതെരഞ്ഞെടുപ്പു നടക്കുന്ന ജില്ലയിലെ തദ്ദേശ സ്ഥാപന നിയോജക മണ്ഡലങ്ങളുടെ പരിധിയിൽ വരുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ ഓഫീസുകൾക്കും ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറായ കലക്ടർ അവധി പ്രഖ്യാപിച്ചു.

പാമ്പാടി പഞ്ചായത്തിലെ 10-ാം വാർഡ് (കുമ്പന്താനം), മീനടം പഞ്ചായത്തിലെ ഒന്നാം വാർഡ് (ചീരംകുളം), ജില്ലാ പഞ്ചായത്ത് 17-ാം ഡിവിഷനിൽ (തൃക്കൊടിത്താനം) ഉൾപ്പെടുന്ന മാടപ്പള്ളി പഞ്ചായത്തിലെ 10, 12, 16,17,18,19 വാർഡുകൾ, പായിപ്പാട് പഞ്ചായത്തിലെ ഒന്നു മുതൽ 17 വരെ വാർഡുകൾ, തൃക്കൊടിത്താനം പഞ്ചായത്തിലെ ഒന്നു മുതൽ 22 വരെ വാർഡുകൾ, വാഴപ്പള്ളി ഗ്രാമ പഞ്ചായത്തിലെ 21, 22 വാർഡുകൾ എന്നിവിടങ്ങളിലാണ് അവധി.

പോളിങ് സ്റ്റേഷനുകളായി പ്രവർത്തിക്കുന്ന സ്കൂളുകൾക്കു സെപ്റ്റംബർ 27, 28 തീയതികളിൽ അവധിയായിരിക്കും. ഉപതെരഞ്ഞെടുപ്പിന്റെ പോളിങ് സാമഗ്രികളുടെ സ്വീകരണ വിതരണ കേന്ദ്രങ്ങളും വോട്ടെണ്ണൽ കേന്ദ്രങ്ങളുമായ വെള്ളൂർ ടെക്നിക്കൽ സ്കൂളിനും ചങ്ങനാശേരി എസ്.ബി. ഹയർ സെക്കൻഡറി സ്കൂളിനും വോട്ടെണ്ണൽ ദിനമായ സെപ്റ്റംബർ 29ന് അവധിയായിരിക്കും.

ഉപതെരഞ്ഞെടുപ്പ് നടക്കുന്ന നിയോജക മണ്ഡലങ്ങളുടെ പരിധിയിൽ വോട്ടെടുപ്പ് അവസാനിക്കുന്ന 28 ന് വൈകിട്ട് ആറു മണിക്ക് മുൻപുള്ള 48 മണിക്കൂറും വോട്ടെണ്ണൽ ദിനമായ 29നും സമ്പൂർണ മദ്യനിരോധനം ഏർപ്പെടുത്തി.

ചെമ്പിലരയൻ ജലോത്സവം നാളെ മുറിഞ്ഞപുഴയിൽ

വൈക്കം: ചെമ്പിലരയൻ ബോട്ട് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ അഞ്ചാമത് ചെമ്പിലരയൻ ജലോത്സവം നാളെ ചെമ്പ് മുറിഞ്ഞപുഴയിലെ മൂവാറ്റുപുഴയാറ്റിൽ നടക്കും. മന്ത്രി മോൻസ് ജോസഫ് ജലോത്സവം ഉദ്ഘാടനം ചെയ്യും.

സി.ബി.സി ക്യാപ്റ്റൻ കെ.ജെ. പോൾ ചുമ്മാരുപറമ്പിൽ പതാക ഉയർത്തും. കെ. ബിനിമോൻ എം.എൽ.എ. അധ്യക്ഷത വഹിക്കും. ഫ്രാൻസിസ് ജോർജ് എം.പി. മത്സരം ഫ്ളാഗ് ഓഫ് ചെയ്യും. സി.ബി.സി. പ്രസിഡന്റ് എസ്.ഡി സുരേഷ് ബാബു, സെക്രട്ടറി കെ.കെ രമേശൻ, വൈക്കം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.കെ ശശികുമാർ, ചെമ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ജെ സണ്ണി, ജില്ലാ പഞ്ചായത്തംഗം എം.കെ രാജേഷ് എന്നിവർ പ്രസംഗിക്കും.

ഗരുഡൻ, താണിയൻ, സെന്റ് സെബാസ്റ്റ്യൻ നമ്പർ 1, തുരുത്തിപ്പുറം, മയിൽപീലി, ജിബി തട്ടകൻ, ചെറിയ പണ്ഡിതൻ, സെന്റ് സെബാസ്റ്റ്യൻ നമ്പർ 2, മട്ടപ്പാംതുരുത്ത്, വടക്കുപുറം എന്നിവ മാളപ്പുറപ്പിൽ മാറ്റുരയ്ക്കും. കൂടാതെ അനവധി ചെറുവള്ളങ്ങളും മത്സരിക്കും. കലക്ടർ ചേതൻ കുമാർ മീണ വിജയികൾക്ക് സമ്മാനദാനം നിർവഹിക്കും.

സിനിമ ഇന്ന്

● കോട്ടയം

ആനന്ദ്: ധൂമകേതു (11,2,9) ബത്‌ലഹേം കുടുംബയൂണിറ്റ് (5.30)

അഭിലാഷ്: പ്രഥമദൃഷ്ട്യാ കുറ്റക്കാർ (10.45, 2, 5.30, 8.45)

ആഷ: ബത്‌ലഹേം കുടുംബയൂണിറ്റ് (10.45, 2, 8.45) ധൂമകേതു (6)

● ചങ്ങനാശേരി

അഭിനയ: ഓഡി2ബത്‌ലഹേം കുടുംബയൂണിറ്റ് (11) പ്രഥമ ദൃഷ്ട്യാ കുറ്റക്കാർ (2, 5.45, 9)

അനു: ആഷ (6.15)ബത്‌ലഹേം കുടുംബയൂണിറ്റ് (1, 6.25)

ധൂമകേതു (10.30, 4, 9.30)

● പള്ളിക്കത്തോട്

അഞ്ജലി: സ്ക്രീൻ 1ആരം (10.30, 12.45, 9.45)ബത്‌ലഹേം കുടുംബയൂണിറ്റ് (3, 6.30) സ്ക്രീൻ 2ധൂമകേതു (10.30, 3.30, 5.45, 8)ഡൊറോത്തി (12.45, 10.15)സ്ക്രീൻ 3പ്രഥമ ദൃഷ്ട്യാ കുറ്റക്കാർ (11,4.30, 10) ആഷ (2, 7.45)

● മുണ്ടക്കയം

ആർ.ഡി. സിനിമാസ്: ഓഡി 1 ബത്‌ലഹേം കുടുംബയൂണിറ്റ് (11.15, 2.45, 6.15, 9.30)ഓഡി2 ധൂമകേതു (11, 2.30, 6, 9.15)ഓഡി 3 ദ് പാരഡൈസ് (11, 9.15)പ്രഥമ ദൃഷ്ട്യാ കുറ്റക്കാർ (2.30, 6)

● പാലാ

യൂണിവേഴ്സൽ: ബാലൻ (11.30, 2.30, 6.15,9.15)

● ഈരാറ്റുപേട്ട

സൂര്യ: സ്ക്രീൻ 1: ധൂമകേതു (11.15, 2.30, 9.15)ബത്‌ലഹേം കുടുംബയൂണിറ്റ് (11, 6) പ്രഥമദൃഷ്ട്യാ കുറ്റക്കാർ (2.15, 6, 9)

● കുറവിലങ്ങാട്

ജോസ്കോ സിനിമാസ്: ഓഡി 1ബത്‌ലഹേം കുടുംബയൂണിറ്റ് (11.30, 6.15)പ്രഥമദൃഷ്ട്യാ കുറ്റക്കാർ (2.45, 9.30)ഓഡി 2 ധൂമകേതു (11.15, 2.30, 6, 9.15)

● തലയോലപ്പറമ്പ്

മൈ സിനിമാസ്: ബത്‌ലഹേം കുടുംബയൂണിറ്റ് (1.30,7(ധൂമകേതു (10.30, 1, 4.15, 10.10)പ്രഥമ ദൃഷ്ട്യാ കുറ്റക്കാർ (1.15, 6.45, 9.45)അവഞ്ചേർസെൻഡ് ഗെയിം (10, 4.0, 0.30)ആഷ (7.45)ആരം (10.45, 4)

● കറുകച്ചാൽ

അഞ്ജലി: സ്ക്രീൻ 1: ബത്‌ലഹേം കുടുംബയൂണിറ്റ് (9, 12.15, 3.45, 7.15, 10.45) സ്ക്രീൻ 2: ആഷ എം ഗെയിം (9, 12.45, 4.30, 8.15, 11.59)

बैंक ऑफ़ बड़ौदा Bank of Baroda
പനമ്പിള്ളി നഗർ ശാഖ
28/94, പനമ്പിള്ളി നഗർ അവന്യൂ, പനമ്പിള്ളി നഗർ, കൊച്ചി-682036, Ph: 0484-2310166
Email: kochbs@bankofbaroda.com

സ്ഥാവര വസ്തുവിനെ സംബന്ധിച്ച ലേല വിൽപന നോട്ടീസ്

[illegible]

കുടിശ്ശിക തുക: 24.09.2026 ലെ രൂപ 70,22,236.43 [illegible] 25.09.2026 [illegible]

[illegible]

കരുതൽ വില	നിരതദ്രവ്യം	ലേല വർധന തുക
രൂപ 1,00,80,667/-	രൂപ 10,08,067/-	രൂപ 10,000/-

വസ്തു പരിശോധന തീയതിയും സമയവും: 27-10-2026 ന് രാവിലെ 10.00 മുതൽ വൈകുന്നേരം 5.00 വരെ

ഇ-ലേല വിൽപന തീയതിയും സമയവും: 28.10.2026 ന് ഉച്ചയ്ക്ക് 2.00 മണി മുതൽ വൈകുന്നേരം 6.00 മണി വരെ

ലേല വ്യവസ്ഥകളെയും ഉപാധികളെയും പറ്റി കൂടുതൽ അറിയുന്നതിനായി സെക്യൂർഡ് ക്രെഡിറ്ററുടെ https://www.bankofbaroda.bank.in/e-auction.htm & ഓൺലൈൻ ലേല പോർട്ടൽ https://baanknet.com സന്ദർശിക്കുക. [illegible] Tel No: 0484-2315334, Mob: 9446899886. എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

തീയതി 25.09.2026
സ്ഥലം: എറണാകുളം
ചീഫ് മാനേജർ & അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, ബാങ്ക് ഓഫ് ബറോഡ.

Federal Bank
എൽ.സി.ആർ.ഡി. കോട്ടയം ഡിവിഷൻ, തെക്കുംകര ബിൽഡിംഗ്സ്, ടി.ബി. റോഡ്, കോട്ടയം-686001, Ph: 0481-2563280, 2583907, Email: ktmlcrd@federal.bank.in
Website: www.federal.bank.in, CIN: L65191KL1931PLC000368

വിൽപന നോട്ടീസ്

[illegible] "As is where is", "As is what is" & "Whatever there is" [illegible] 30-10-2026 ന് രാവിലെ 11.00 മണി മുതൽ ഉച്ചയ്ക്ക് 12.00 മണി വരെ [illegible]

[illegible]

കരുതൽ തുക: രൂപ 3,15,00,000/-	നിരതദ്രവ്യം രൂപ 31,50,000/-

ലേല വ്യവസ്ഥകളെയും ഉപാധികളെയും പറ്റി കൂടുതൽ അറിയുന്നതിനായി ദി ഫെഡറൽ ബാങ്ക് ലിമിറ്റഡിന്റെ https://www.federal.bank.in/web/guest/tender-notices എന്ന വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള ലിങ്ക് സന്ദർശിക്കുക.

സ്ഥലം : കോട്ടയം
തീയതി : 24-09-2026
(ഒപ്പ്) ദി ഫെഡറൽ ബാങ്ക് ലിമിറ്റഡിന് വേണ്ടി
(SARFAESI Act പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ)

Canara Bank
കനറാ ബാങ്ക്, റിക്കവറി, ലീഗൽ ആൻഡ് ഫ്രോഡ് പ്രിവൻഷൻ സെക്ഷൻ, റീജിയണൽ ഓഫീസ്-കോട്ടയം, ഫോൺ 0481 2596395/ 9446998418, E-mail: roktmrec@canarabank.com

വിൽപന നോട്ടീസ്

വാഹന വിൽപന പൊതു വിജ്ഞാപനം (മുദ്രവെച്ച ടെണ്ടറുകൾ വഴി)

[illegible]

സെക്യൂർഡ് ക്രെഡിറ്ററുടെ പേര്: കനറാ ബാങ്ക്, പുളിക്കൽ കവല വാഴൂർ DP 3500 ശാഖ.

[illegible]

കുടിശ്ശിക തുക: 25.09.2026ലെ രൂപ 8,51,412/-

ലേല തീയതിയും സമയവും: 05.10.2026 രാവിലെ 11.00 മണി

ലേല സ്ഥലം: കനറാ ബാങ്ക്, റീജിയണൽ ആഫീസ്, കോട്ടയം, സംക്രാന്തി.

ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി: 03.10.2026 വൈകുന്നേരം 4.00 മണി

[illegible] FRONX DELTA+(O) [illegible] 05/2024; എഞ്ചിൻ നം. K12NP7520065; ചേസിസ് നം. MBHKWD13SRE289179; രജിസ്ട്രേഷൻ നം. KL-03-AH-4712; കരുതൽ വില: രൂപ 7,00,000/-

ലേല വിൽപന വ്യവസ്ഥകളും ഉപാധികളും:

1. [illegible] 209272434;IFSC Code CNRB0003500 [illegible]
2. [illegible]
3. [illegible]
4. [illegible] 25% [illegible]
5. [illegible]
6. [illegible] 10.00 മണിക്കും 4.00 മണിക്കും [illegible]
7. [illegible]
8. [illegible]

സ്ഥലം: കോട്ടയം, തീയതി: 25.09.2026
ഒപ്പ്, അധികാരപ്പെട്ട ഉദ്യോഗസ്ഥൻ, കനറാ ബാങ്ക്.